ഖുത്വ്ബ
23.3.2007
ബയ്ത്തുൽ ഫുതൂഹ്, ലണ്ടൻ

# എം.ടി.എ. 3. അൽഅറബിയ്യ ചാനലിന്റെ സംപ്രേഷണോദ്ഘാടനം

ഇന്ന് മാർച്ച് 23 ആകുന്നു. നമുക്കറിയാവുന്നതുപോലെ, ഇന്നത്തെ ദിവസത്തിന് അഹ്മദിയ്യാ ചരിത്രത്തിൽ വലിയ പ്രാധാന്യമുണ്ട്. കാരണം, ഇന്നേയ്ക്ക് 118 വർഷം മുമ്പേയാണ് ഹദ്റത്ത് മസീഹ് മൗഊദ് (അ) അല്ലാഹുവിന്റെ കല്പനയാൽ ജനങ്ങളിൽനിന്ന് ബയ്അത്ത് വാങ്ങാൻ തുടങ്ങിയത്. അങ്ങനെ ജമാഅത്ത് നിലവിൽവന്നു. ഇസ്ലാമിന്റെ രണ്ടാമത്തെ പ്രാദുർഭാവത്തിന് അടിത്തറ വീണത് ഈ ദിവസമാണ്.

അതുകൊണ്ട് ഇസ്ലാമിന്റെ അന്നത്തെ അവസ്ഥയെക്കുറിച്ച്, അതിന്റെ പശ്ചാത്തലം അല്പം വിവരിക്കാം. അക്കാലത്തെ മുസ്ലിംകളുടെ അവസ്ഥ കണ്ട്, ഇസ്ലാമിനുവേണ്ടി വേദനിച്ചിരുന്ന മുസ്ലിംകൾ അസ്വസ്ഥരായിരുന്നു. ഏഷ്യാഭൂഖണ്ഡത്തിൽ ആര്യസമാജക്കാരും പാതിരിമാരും ഇസ്ലാമിന്റെ മേൽ ശക്തമായ ആക്രമണം തുടങ്ങി വെച്ചിരുന്ന കാലമായിരുന്നു അത്. ഉലമാക്കൾക്കാണെങ്കിൽ, അതുകണ്ട് നോക്കിനില്ക്കാനെ കഴിഞ്ഞിരുന്നുള്ളൂ. അവരുടെ ആക്ഷേപങ്ങൾക്ക് മറുപടി പറയാൻ അവരുടെ പക്കൽ ഒന്നും ഉണ്ടായിരുന്നില്ല. ഉത്തരം കൊടുക്കാൻ കഴിയാത്ത കാരണത്താൽ നിരവധിയാളുകൾ ഇസ്ലാമിനെ ഉപേക്ഷിച്ച് ക്രിസ്ത്യാനികളുടെ സഞ്ചിയിൽ വീണു. നിരവധിയാളുകൾ ഇസ്ലാമുമായി ബന്ധം വിച്ഛേദിച്ചു. ആ നേരത്ത് ക്രിസ്ത്യാനികളേയും, മറ്റു മതക്കാരേയും നേരിടുന്നതിനായി ആരെങ്കിലും എഴുന്നേറ്റുനിന്നിട്ടുണ്ടെങ്കിൽ, അത് ഈ അല്ലാഹുവിന്റെ ഫയൽവാനായിരുന്നു. അതായത് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ). അക്കാലത്ത് ഇസ്ലാമിന്റേയും അതിന്റെ സ്ഥാപകരുടേയും മേൽ എഴുത്തുകൊണ്ടും പ്രസംഗംകൊണ്ടും ശക്തമായ ആക്രമണം നടത്തിയിരുന്ന ആര്യസമാജക്കാർക്കും ബ്രഹ്മസമാജക്കാർക്കും ക്രിസ്ത്യാനികൾക്കും അവിടന്ന്, ബറാഹീനെ അഹ്മദിയ്യാ എന്ന തന്റെ ജ്ഞാനിർഭരമായ ഗ്രന്ഥത്തിലൂടെ അവരെ നിരുദ്ധകണ്ഠരാക്കുംവിധം മറുപടി നല്കി. ആ ഗ്രന്ഥത്തിന്റെ ഒന്നും രണ്ടും ഭാഗം 1880-ലും മൂന്നാം ഭാഗം 1882-ലും നാലാം ഭാഗം 1886-ലും പ്രസിദ്ധീകരിച്ചു. ഈ ഗ്രന്ഥത്തിൽ അവിടന്ന് വിശുദ്ധഖുർആൻ ദൈവികഗ്രന്ഥമാണെന്നും അതുല്യമാണെന്നും, നബി(സ) തിരുമേനി സത്യാവാനാണെന്നുമുള്ളതിന് അഖണ്ഡിതമായ തെളിവുകൾ നല്കിയിരിക്കുന്നു. താൻ നല്കിയ ഈ തെളിവുകളുടെ 1/3 ഭാഗമോ 1/4 ഭാഗമോ, 1/5 ഭാഗമോ ആരെങ്കിലും ഖണ്ഡിക്കുകയാണെങ്കിൽ അയാൾക്ക്, 10,000 രൂപ പാരിതോഷികം നല്കുമെന്ന് അവിടന്ന് ആഹ്വാനം ചെയ്യുകയുണ്ടായി. അക്കാലത്ത് ഇത് ഒരു വൻതുകയായിരുന്നു.

ഈ ഗ്രന്ഥം മുസ്ലിംകളിൽ ആവേശമുണർത്തി. അത് ആക്ഷേപകരുടെ ഗൂഢപദ്ധതികളേയും തറപറ്റിച്ചു. ഇസ്ലാമിനുവേണ്ടിയുള്ള അവിടത്തെ ഈ ആവേശം കണ്ടിട്ട്, അവിടന്നുമായി ബന്ധം വയ്ക്കുന്ന ചില മുഖലിസായ ആളുകൾ, തങ്ങളുടെ ബയ്അത്ത് വാങ്ങാൻ ആ മഹാത്മാവിനോട് അപേക്ഷിച്ചിരുന്നു. പക്ഷേ, അല്ലാഹുവിൽ നിന്ന് ബയ്അത്ത് വാങ്ങാൻ കല്പനയുണ്ടാകുന്നതുവരെ അവിടന്ന് അവരുടെ ആവശ്യം നിഷേധിച്ചുകൊണ്ടിരുന്നു. കല്പന കിട്ടിയപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) 1888 ഡിസംബർ ഒന്നിന്, തബ്ലീഗ് എന്ന പേരിൽ ഒരു വിജ്ഞാപനം പ്രസിദ്ധീകരിച്ചു. അതിൽ പറഞ്ഞു: "ഞാൻ ഇവിടെ മനുഷ്യജാതിക്ക് പൊതുവായും മുസ്ലിംകൾക്ക് പ്രത്യേകമായും മറ്റൊരു സന്ദേശവുംകൂടി എത്തിക്കുകയാണ്. എനിക്ക് കല്പന നല്കപ്പെട്ടിരിക്കുന്നു. അതായത് സത്യാന്വേഷകരായ ആളുകൾ, സത്യമായ വിശ്വാസവും വിശ്വാസപരമായ യഥാർത്ഥ പരിശുദ്ധിയും ദൈവസ്നേഹത്തിന്റെ വഴിയും പഠിക്കുന്നതിനും മലീമസജീവിതവും ആലസ്യവും വഞ്ചനകളും ഉപേക്ഷിക്കുന്നതിനും വേണ്ടി എനിക്ക് ബയ്അത്ത് ചെയ്യേണ്ടതാണ്. ഇതിന് തയ്യാറായുള്ളവർ എന്റെ സമീപത്തേക്കു വരേണ്ടത് നിർബന്ധമാണ്. ഞാൻ അവരോട് അനുകമ്പയുള്ള ആളായിരിക്കും. അവരുടെ ഭാരം ലഘൂകരിക്കാൻ വേണ്ടി ശ്രമിക്കുന്നതായിരിക്കും. അവർ ദൈവകല്പനകൾ പൂർണ്ണമായും അനുവർത്തിക്കാൻ തയ്യാറാണെങ്കിൽ എന്റെ ശ്രദ്ധയും എന്റെ പ്രാർത്ഥനയും മുഖേന അവർ അനുഗൃഹീതരായിത്തീരും. ഇത് രക്ഷിതാവിന്റെ കല്പനയാണ്. അത് ഇന്ന് ഞാൻ എത്തിച്ചിരിക്കുന്നു. ഇതുസംബന്ധമായി അറബിയിൽ എനിക്കുണ്ടായ ഇൽഹാം ഇങ്ങനെയാണ്.

إذا عزمت فتوكل على الله واصنع الفلك
بأعيننا ووحينا الذين يبايعونك إنما
يبايعون الله يد الله فوق أيديهم

"നീ ഈ സേവനത്തിനായി മനോനിശ്ചയം ചെയ്ത് കഴിഞ്ഞാൽ ദൈവത്തിൽ വിശ്വാസമർപ്പിക്കുക. നമ്മുടെ മേൽനോട്ടത്തിലും നമ്മുടെ കല്പന പ്രകാരവും ഈ നൗക പണിയുക. നിന്നോട് ബയ്അത്ത് ചെയ്യുന്നവർ നിന്നോടല്ല മറിച്ച്, അല്ലാഹുവിനോടാണ് ബയ്അത്ത് ചെയ്യുന്നത്. അവരുടെ കൈകൾക്കുമീതെ അല്ലാഹുവിന്റെ കൈയാണുള്ളത്."

പിന്നീട് അവിടന്ന് 1889 ഫെബ്രുവരി 12-ന് 'തക്മീലെ തബ്‌ലീഗ്' എന്ന തലക്കെട്ടോടെ ഒരു വിജ്ഞാപനം പ്രസിദ്ധീകരിച്ചു. 1888 ഡിസംബർ ഒന്നിന് പ്രസിദ്ധീകരിച്ച നോട്ടീസ് ഉദ്ധരിച്ചുകൊണ്ട് ബയ്അത്തിന്റെ 10 നിബന്ധനകൾ എഴുതി. ആ ബയ്അത്തിന്റെ നിബന്ധനകൾ നമുക്കെല്ലാം അറിയാവുന്നതാണ്. പക്ഷേ, ഓർമ്മിപ്പിക്കുന്നതിനും, അഹ്മദികൾ ഇതിനെ പ്രയോജനപ്പെടുത്തുന്നതിനും, എം.ടി.എയിലെ പ്രോഗ്രാം വിശാലമായ നിലയിൽ അഹ്മദികളല്ലാത്തവരും കാണാറുള്ളതുകൊണ്ട് അവരും ഈ നിബന്ധനകൾ എന്താണെന്ന് മനസ്സിലാക്കുന്നതിനുമായി ഞാൻ അത് കേൾപ്പിക്കാം.

1. ജീവാവസാനംവരെ ശിർക്കിൽ (സൃഷ്ടിപൂജ) നിന്ന് വിട്ടുനിൽക്കുന്നതാണ്.

2. കളവ്, വ്യഭിചാരം, ദുർന്നോട്ടം, എല്ലാവിധത്തിലുമുള്ള ദുഷ്കർമ്മങ്ങൾ, ചതി, പരദ്രോഹം, വിശ്വാസവഞ്ചന, സമാധാനഭംഗമുണ്ടാക്കൽ, രാജ്യദ്രോഹം തുടങ്ങിയ മാർഗ്ഗങ്ങളിൽനിന്ന് ദൂരപ്പെട്ടിരിക്കുന്നതും എന്തുതന്നെ വികാരാവേശങ്ങൾ വന്നാലും ശരീരേച്ഛകൾക്ക് അടിപ്പെട്ട് പോകാതിരിക്കുന്നതുമാണ്.

3. അല്ലാഹുവിന്റേയും റസൂൽതിരുമേനി(സ)യുടേയും കല്പനകളനുസരിച്ച് അഞ്ച് നേര നമസ്കാരങ്ങളും കൃത്യമായി നിർവ്വഹിക്കുന്നതും സാധ്യമാകുന്നിടത്തോളം തഹജ്ജുദ് നമസ്കരിക്കുന്നതും നബിതിരുമേനി(സ) യുടെ പേരിൽ സ്വലാത്തും സലാമും ചൊല്ലുന്നതും ദിവസവും തന്റെ കുറ്റങ്ങൾക്കായി മാപ്പിരക്കുന്നതും 'ഇസ്തിഗ്ഫാർ' ചെയ്തുകൊണ്ടിരിക്കുന്നതുമാണ്. അല്ലാഹുവിന്റെ ഔദാര്യങ്ങളെ ആത്മാർത്ഥമായ സ്നേഹവായ്പോടെ സ്മരിച്ചുകൊണ്ടിരിക്കുന്നതും ദൈവസ്മരണയും (ദിക്റെഇലാഹി) സ്തോത്രവും (ഹംദ്) നിത്യശീലമാക്കുകയും ചെയ്യുന്നതാണ്.

4. ശാരീരിക ദുരാവേശങ്ങൾക്കടിപ്പെട്ടുകൊണ്ട് ആർക്കുംതന്നെ, ദൈവസൃഷ്ടികൾക്ക് പൊതുവായും മുസ്‌ലിംകൾക്ക് പ്രത്യേകിച്ചും നാവുകൊണ്ടോ കൈകൊണ്ടോ മറ്റുപ്രകാരത്തിലോ അന്യായമായ യാതൊരു ക്ലേശവും ഉണ്ടാക്കുന്നതല്ല.

5. സന്താപാവസരത്തിലും സന്തോഷവേളകളിലും സുഖത്തിലും കഷ്ടപ്പാടിലും അനുഗ്രഹലബ്ധിയിലും ആപൽഘട്ടത്തിലും എല്ലാ അവസ്ഥകളിലും അല്ലാഹുവിനോട് വിശ്വസ്തത പുലർത്തുകയും ദൈവഹിതത്തിൽ സംതൃപ്തനായിരിക്കുകയും ചെയ്യുന്നതാണ്. ദൈവമാർഗ്ഗത്തിൽ എല്ലാവിധത്തിലുള്ള മാനഹാനിയും ക്ലേശങ്ങളും വരിക്കുവാൻ സന്നദ്ധനായിരിക്കുന്നതാണ്. എന്തുതന്നെ വിപത്തു നേരിട്ടാലും മുഖം തിരിച്ചുകളയാതെ മുമ്പോട്ടു കാൽവയ്ക്കുന്നതുമാണ്.

6. എല്ലാതരത്തിലുള്ള ദുരാചാരങ്ങളിൽനിന്നും ദുരാഗ്രഹങ്ങളിൽനിന്നും സ്വയം ഒഴിഞ്ഞുമാറുകയും വിശുദ്ധഖുർആന്റെ എല്ലാ ആജ്ഞകൾക്കും പൂർണ്ണമായി വിധേയനായിരിക്കുന്നതും എല്ലാ വഴികളിലും ദൈവവചനങ്ങൾക്കും തിരുനബി വചനങ്ങൾക്കും അനുസൃതമായി ചരിക്കുന്നതുമാകുന്നു.

7. അഹംഭാവം, മിഥ്യാഭിമാനം മുതലായവ പൂർണ്ണമായും ഉപേക്ഷിക്കുകയും വിനീതവും ലളിതവും സംസ്കാരപൂർണ്ണവും ശാന്തവും അനാഢംബരവുമായ ജീവിതം നയിക്കുകയും ചെയ്യുന്നതാണ്.

8. ദീനിനേയും ദീനിന്റെ അന്തസ്സിനേയും ഇസ്‌ലാമിന്റെ ക്ഷേമത്തേയും സ്വന്തം ജീവനേക്കാളും മുതലിനേക്കാളും മാനത്തേക്കാളും മക്കളേക്കാളും മറ്റ് പ്രിയങ്കരമായതിനേക്കാളുമെല്ലാം കൂടുതൽ പ്രിയപ്പെട്ടതായി കണക്കാക്കുന്നതാണ്.

9. അല്ലാഹുവിന്റെ എല്ലാ സൃഷ്ടികളോടും ആത്മാർത്ഥമായ സഹാനുഭാവം പ്രദർശിപ്പിച്ചുകൊണ്ടിരിക്കുന്നതും അല്ലാഹു നൽകിയ കഴിവുകളും അനുഗ്രഹങ്ങളും മുഖേന മനുഷ്യകുലത്തിന് ഉപകാരങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നതുമാകുന്നു.

10. നല്ല കാര്യങ്ങളിൽ (മഅ്റൂഫ്) അനുസരണം പുലർത്തുമെന്ന് സമ്മതിക്കുന്നതോടൊപ്പം കുടുംബബന്ധങ്ങളിലോ ഭൗതികമായ ഇതരബന്ധങ്ങളിലോ സേവകഭാവങ്ങളിലോ കാണപ്പെടാത്തതരത്തിലുള്ള ഒരു സുദൃഢ സാഹോദര്യബന്ധം ഈ വിനീതനുമായി (ഹദ്റത്ത് അഹ്മദുമായി) പുലർത്തുന്നതും അത് മരണം വരെ നിലനിറുത്തിപ്പോരുന്നതുമാണ്. ***ഇൻശാഅല്ലാഹ്***. (ഇശ്തിഹാർ, തക്മീലെ തബ്‌ലീഗ്, 1889 ജനുവരി 12)

ഇന്ന് അഹ്മദിയ്യാ ജമാഅത്തിന് ഖിലാഫത്തുമായി ബന്ധം നിലനില്ക്കുന്നതും, ഈ ബയ്അത്തിന്റെ

അടിസ്ഥാനത്തിലാണ്. ഈ ഏണിപ്പടിയിൽ കാലുകൾ വച്ചു മുന്നോട്ടു കയറുമ്പോൾ, നബി(സ)യുമായും അല്ലാഹുവുമായും ബന്ധം ഉണ്ടാകുന്നു. കാലത്തിന്റെ ഇമാമിനെ നിഷേധിച്ചുകൊണ്ട് പലവിധ വിഷമങ്ങളിൽ അകപ്പെട്ടിരിക്കുന്ന ഇന്നത്തെ മുസ്ലിംകൾ ആ വിഷമങ്ങളിൽനിന്ന് രക്ഷപ്പെടാൻ ഇക്കാര്യം മനസ്സിലാക്കിയിരുന്നെങ്കിൽ എത്ര നന്നായേനേ!

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മിഷന്റെ ചുമതല ഞാൻ ആരംഭത്തിൽ പറഞ്ഞതുപോലെ, നബി(സ) തിരുമേനിയുടെ ശക്തി ലോകത്ത് സ്ഥാപിക്കുകയും, വിശുദ്ധഖുർആന്റെ സത്യത തെളിയിച്ചു കാട്ടുകയും ചെയ്യുക എന്നതാണ്. ഈ ഉദ്ദേശ്യത്തിനായി അവിടന്ന് ഒരു പരിശുദ്ധ ജമാഅത്ത്, അല്ലാഹുവിന്റെ കല്പനയാൽ വിളംബരം ചെയ്തു. അവിടന്ന് ജനങ്ങളിൽനിന്ന് ബയ്അത്ത് വാങ്ങി. നബി(സ) തിരുമേനിയോടുള്ള അവിടത്തെ സ്നേഹം അതിന്റെ പാരമ്യതയിലെത്തിയിരുന്നു. നബി(സ)യുടെ യഥാർത്ഥമായ സ്ഥാനം അവിടന്ന് തിരിച്ചറിഞ്ഞിരുന്നു. എന്നല്ല, ആർക്കെങ്കിലും തിരിച്ചറിവുണ്ടായിരുന്നെങ്കിൽ അത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് മാത്രമായിരുന്നുവെന്ന് പറയേണ്ടതാണ്. അവിടന്ന് ഒരിടത്ത് നബി(സ) തിരുമേനിയുടെ സ്ഥാനം വിവരിച്ചുകൊണ്ടു പറയുന്നു:

"ഞാൻ എപ്പോഴും അത്ഭുതദൃഷ്ടികളോടെയാണ് നോക്കിക്കാണുന്നത്, മുഹമ്മദ് എന്നുപേരുള്ള ഈ അറബി പ്രവാചകൻ (ആയിരമായിരം സലാത്തും സലാമും അവിടത്തെമേൽ വർഷിക്കപ്പെടട്ടെ!) എത്ര മേൽ ഉൽക്കൃഷ്ടപദവിയാർന്ന നബിയാണ്! അവിടത്തെ ഔന്നത്യത്തിന്റെ അറ്റം കണ്ടെത്തുക അസാധ്യംതന്നെ. അവിടത്തെ ദിവ്യശക്തി പ്രഭാവം കണക്കാക്കുക മനുഷ്യന്റെ കഴിവിൽപ്പെട്ടതല്ല. അഹോ കഷ്ടം! അവിടത്തെ യഥാർത്ഥ പദവി അതർഹിക്കും വിധം അംഗീകരിക്കപ്പെടുമാറായില്ല. ലോകത്തുനിന്നും തികച്ചും അപ്രത്യക്ഷമായി കഴിഞ്ഞിരുന്ന ആ 'തൗഹീദ്' അഥവാ ഏകദൈവ വിശ്വാസം വീണ്ടും ഈ ലോകത്ത് തിരിച്ചുകൊണ്ടുവന്ന വീരാത്മാവ് അവിടന്നത്രെ. അവിടന്ന് ദൈവത്തോട് അങ്ങേയറ്റത്തെ സ്നേഹം പുലർത്തി. മനുഷ്യകുലത്തോടുള്ള സഹാനുഭൂതിയിൽ അദ്ദേഹം ആത്മാർപ്പണം ചെയ്തു. മുമ്പുള്ളവരും പിമ്പുള്ളവരുമായ സകല പ്രവാചകന്മാരെക്കാളും ശ്രേഷ്ഠത്വം അല്ലാഹു അദ്ദേഹത്തിന് നല്കുകയും അദ്ദേഹത്തിന്റെ ആഗ്രഹങ്ങൾ അദ്ദേഹത്തിന്റെ ജീവിതത്തിൽ അദ്ദേഹത്തിന് സാധിപ്പിച്ചുകൊടുക്കുകയും ചെയ്തു.

ഓരോ അനുഗ്രഹത്തിന്റേയും ഉറവിടം അവിടന്ന് തന്നെയാണ്. ആ മഹാത്മാവിനെ അംഗീകരിക്കാതെയും ആ മഹാത്മാവിൽനിന്ന് പ്രയോജനമെടുക്കാതെയും അദ്ദേഹത്തിന്റെ എന്തെങ്കിലും മേന്മയുടെ വാദമുന്നയിക്കുന്നവൻ മനുഷ്യനല്ല. മറിച്ച്, ശയ്ത്വാന്റെ സന്തതിയാണ്. കാരണം ഓരോ മേന്മയുടെയും താക്കോൽ അദ്ദേഹത്തിന് നല്കപ്പെട്ടിരിക്കുന്നു."

"എന്നാൽ, ആ മനുഷ്യൻ തന്റെ വ്യക്തിത്വം കൊണ്ടും തന്റെ സ്വഭാവങ്ങൾകൊണ്ടും തന്റെ കർമ്മങ്ങൾകൊണ്ടും തന്റെ പ്രവൃത്തികൾകൊണ്ടും തന്റെ ആദ്ധ്യാത്മികതയുടേയും സംശുദ്ധശക്തികളുടേയും ശക്തമായൊഴുകുന്ന നദികൊണ്ടും സമ്പൂർണ്ണതയുടെ മാതൃക ബോധത്തോടും കർമ്മത്തോടും സത്യത്തോടും ദൃഢതയോടുംകൂടി പ്രത്യക്ഷപ്പെടുത്തി. സമ്പൂർണ്ണമനുഷ്യൻ എന്ന് വിളിക്കപ്പെട്ടു.

"എല്ലാ മനുഷ്യരിലുംവച്ച് പരിപൂർണ്ണനും പ്രവാചകന്മാരിൽവച്ച് സമ്പൂർണ്ണനും ആയ അദ്ദേഹം തികവാർന്ന അനുഗ്രഹങ്ങളോടുകൂടിവന്നു. അതുകൊണ്ടുണ്ടായ ആത്മീയവിപ്ലവംമൂലം ഒന്നാമത്തെ ഖിയാമത്തുണ്ടായി. മരിച്ചുകിടന്ന ഒരു ലോകംതന്നെ അദ്ദേഹത്തിന്റെ വരവോടെ പുനരുജ്ജീവിച്ചു. ആ അനുഗൃഹീത നബി, ഖാത്തമുൽ അമ്പിയാഅ്, ഇമാമുൽ അസ്ഫിയാഅ്, ഖാത്തമുൽ മുർസലിൻ, ഫഖ്റുന്നബിയ്യീൻ ജനാബ് മുഹമ്മദ് മുസ്തഫാ(സ) തിരുമേനിയല്ലാതെ മറ്റാരുമല്ല. എന്റെ പ്രിയപ്പെട്ട അല്ലാഹുവേ, ഈ പ്രിയങ്കരനായ നബിയിൽ ലോകാരംഭം മുതൽ ആർക്കും നൽകാത്ത രീതിയിലുള്ള അനുഗ്രഹങ്ങളും കാരുണ്യങ്ങളും നീ ചൊരിയേണമേ" (ഇത്മാമുൽ ഹുജ്ജത്ത്, റൂഹാനീഖസാഇൽ, വാള്യം 8, പേ-308).

വിശുദ്ധഖുർആനോടും നബി(സ) തിരുമേനിയോടും യഥാർത്ഥമായ പ്രേമവും സ്നേഹവും തന്റെ ജമാഅത്തിലുള്ളവർക്ക് ഉണ്ടാകണമെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) ആഗ്രഹിച്ചിരുന്നു. അതുകൊണ്ടാണ് ബയ്അത്തിന്റെ നിബന്ധനയിൽ, വിശുദ്ധഖുർആന്റെ അദ്ധ്യാപനങ്ങൾ നടപ്പിൽ വരുത്തുന്നതിനും നബി(സ)യുടെ മേൽ സ്വലാത്ത് ചൊല്ലുന്നതിനും പ്രത്യേകം ഊന്നൽ നൽകിയിരിക്കുന്നത്. ഒരിടത്ത് അവിടന്ന് പറയുന്നു: "നിങ്ങൾക്ക് അവശ്യം വേണ്ടുന്ന പാഠം, വിശുദ്ധഖുർആനെ പിമ്പുറം തള്ളിക്കളയരുതെന്നതാണ്. നിങ്ങളുടെ ജീവിതം ഇതിലാണുള്ളത്. വിശുദ്ധഖുർആനെ ആദരിക്കുന്നവർ ദൈവസവിധത്തിൽ ആദരിക്കപ്പെടും. ആരാണോ ഹദീസുകളേക്കാളും മറ്റു മഹാത്മാക്കളുടെ വാക്കുകളേക്കാളും ഖുർആനെ മുന്തിക്കുന്നത് അവർ ദൈവിക സവിധത്തിൽ മുന്തിക്കപ്പെടും.

"മനുഷ്യവംശത്തിനായി ഭൂമിയിൽ വിശുദ്ധ ഖുർആൻ അല്ലാതെ മറ്റൊരു വേദഗ്രന്ഥവും ഇല്ല. ആദം സന്തതികൾക്കെല്ലാമായി മുഹമ്മദ് മുസ്തഫാ (സ) തിരുമേനിയല്ലാതെ മറ്റൊരു റസൂലും ശഫീഉം (ശിപാർശക്കാരൻ) ഇല്ലതന്നെ. അതുകൊണ്ട് പ്രതാപശാലിയായ ഈ നബിയുമായി നിങ്ങൾ യഥാർത്ഥത്തിലുള്ള സ്നേഹബന്ധം പുലർത്തുക. ആകാശത്തിൽ നിങ്ങൾ മോക്ഷപ്രാപ്തിക്കായി എണ്ണപ്പെടുമാറാകുന്നതിന് നിങ്ങൾ അദ്ദേഹത്തിനുള്ളതിനേക്കാൾ ഉപരിയായ മേന്മ മറ്റാരിലും കല്പിക്കാതിരിക്കുക. മോക്ഷം എന്നത് മരിച്ചതിനുശേഷം മാത്രം വെളിവാകുന്ന ഒന്നല്ല എന്നോർത്തുകൊള്ളുക. മറിച്ച്, യഥാർത്ഥമായ മോക്ഷം ഈ ലോകത്തുതന്നെ അതിന്റെ വെളിച്ചം കാണിക്കുന്നതാണ്. ആരാണ് മോക്ഷം പ്രാപിച്ചവർ? അല്ലാഹു സത്യമാണെന്നും മുഹമ്മദ് നബി അവന്റേയും അവന്റെ സൃഷ്ടിജാലത്തിന്റേയും ഇടയിലുള്ള ശിപാർശക്കാരൻ ആണെന്നും ആകാശത്തിൻകീഴിൽ തിരുനബിക്ക് സമസ്ഥാനീയനായി ഒരു നബിയും ഇല്ലെന്നും ഖുർആന് തുല്യമായി മറ്റൊരു ഗ്രന്ഥവും ഇല്ലെന്നും ചിരഞ്ജീവിയായി ജീവിക്കുവാൻ അവൻ ആരുടെ കാര്യത്തിലും ഇച്ഛിക്കുന്നില്ലെങ്കിലും ഈ വരിഷ്ഠ പ്രവാചകൻ(സ) എല്ലാകാലത്തും ജീവിച്ചിരിക്കുന്ന പ്രവാചകനാണെന്നും ഉറച്ചുവിശ്വസിക്കുന്നവർതന്നെ."

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രവൃത്തി, ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)യുടെ സ്ഥാനം മുസ്ലിംകൾക്ക് മനസ്സിലാക്കിക്കൊടുക്കുകയും മറ്റ് മതങ്ങളുടെ ആക്രമണങ്ങളിൽനിന്ന് ഇസ്ലാമിനെ രക്ഷിക്കുകയും, രക്ഷിക്കുക എന്നത് മാത്രമല്ല ഇസ്ലാമിന്റെ മനോഹരമായ അദ്ധ്യാപനങ്ങളെ ലോകത്ത് പ്രചരിപ്പിക്കുകയും ചെയ്യുക എന്നതായിരുന്നു. അവസാന നബി എന്ന നിലയിൽ നബി(സ)ന് ഇറങ്ങിയ ആ ഹിദായത്ത് അഥവാ സന്മാർഗ്ഗം മറ്റുള്ളവർക്ക് പറഞ്ഞുകൊടുക്കുകയും ചെയ്യണമായിരുന്നു. ഇതിനെ സംബന്ധിച്ച് അവസാനകാലത്ത് മസീഹും മഹ്ദിയും വന്ന് ഈ ജോലി നിർവ്വഹിക്കുമെന്നും എല്ലാ മതങ്ങളുടേയുംമേൽ ഇസ്ലാമിനെ വിജയിപ്പിക്കുമെന്നും നിവേദനങ്ങളിൽ വന്നിട്ടുണ്ട്. അവിടന്ന്, വരേണ്ട മഹ്ദി താനാണെന്ന് വാദിച്ചു. തന്റെ വാദത്തിനുള്ള തെളിവായി നിരവധി പ്രവചനങ്ങൾ അദ്ദേഹം ചെയ്തു. അതെല്ലാം അന്തസ്സാർന്ന നിലയിൽ പുലർന്നു. അതിൽ ഭൂകമ്പങ്ങളെക്കുറിച്ചുള്ള പ്രവചനങ്ങളും പ്ലേഗിനെക്കുറിച്ചുള്ള പ്രവചനവും മറ്റ് പ്രവചനങ്ങളും ഉണ്ട്. ഇവയും ആകാശത്തുനിന്നും ഭൂമിയിൽനിന്നും പുറപ്പെടുന്ന വിപത്തുകളെ സംബന്ധിച്ച മറ്റു പ്രവചനങ്ങളും ആ മഹാത്മാവിന്റെ സത്യത വെളിപ്പെടുത്തിക്കൊണ്ട് വ്യക്തമായും പുലർന്നു.

നബിതങ്ങൾ തന്റെ മഹ്ദിക്ക് രണ്ട് അടയാളങ്ങൾ ഉണ്ടാകുമെന്ന് പ്രവചിച്ചിരുന്നു. സൂര്യനും ചന്ദ്രനും പ്രത്യേക തിയ്യതികളിൽ ഗ്രഹണമുണ്ടാകുക എന്നതാണത്. ഒരടയാളമെന്ന നിലയിൽ അതിന് മുമ്പേ ഒരിക്കലും അങ്ങനെ ഗ്രഹണമുണ്ടായിട്ടില്ല. വാദിക്കുന്ന ഒരാൾ നിലവിലുണ്ടാവുകയും അയാളുടെ വാദത്തിനെ സത്യപ്പെടുത്തിക്കൊണ്ട് നിശ്ചിത തിയ്യതികളിൽ ഗ്രഹണമുണ്ടാകുകയും ചെയ്യുന്നതരത്തിലുള്ള അടയാളം അതിനു മുമ്പേ ഒരിക്കലുമുണ്ടായിട്ടില്ല. ആ കൃത്യകാലത്തുതന്നെ വരേണ്ടുന്ന മഹ്ദിയും മസീഹും ഞാനാണെന്നും സമാധാനമാഗ്രഹിക്കുന്നെങ്കിൽ എന്റെ സൗഖ്യത്തിന്റെ കോട്ടയിൽ പ്രവേശിച്ചുകൊള്ളുക എന്നും ഒരാൾ വാദിച്ചു. ഇതൊന്നും യാദൃശ്ചികമായിരുന്നില്ല. ബുദ്ധിമാന്മാരും ചിന്തിക്കുന്നവരും ചിന്തിക്കേണ്ട സ്ഥാനമാണത്. അഹ്മദികൾ ഭാഗ്യവാന്മാരാണ്. അല്ലാഹു അവർക്ക് ഈ വാഗ്ദത്തപുരുഷന്റെ ജമാഅത്തിൽ ചേരാൻ സൗഭാഗ്യം നല്കി.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിൽ ചേർന്നതിനുശേഷം അവിടത്തെ സന്ദേശം ലോകത്ത് വ്യാപിപ്പിക്കേണ്ടത് നമ്മളാണ്. അല്ലാഹുവിന്റെ തൗഹീദ് ലോകത്ത് സ്ഥാപിക്കാനും നബിതിരുമേനിയുടെ പതാക ലോകം മുഴുവൻ ഉയർത്താനും നാം ശ്രമിക്കേണ്ടതാണ്. ഇത് അല്ലാഹുവിന്റെ പ്രവൃത്തിയാണ്. ഇത് പുലരേണ്ടതുമാണ്. നമ്മൾ ഈ പ്രവൃത്തിയിൽ അല്പം ശ്രമം നടത്തി പ്രതിഫലം സമ്പാദിക്കുന്നുവെന്നുമാത്രം. നമ്മുടെ പേരുണ്ടാകുന്നുവെന്ന് മാത്രം. സൽപ്രകൃതിക്കാരായ ആളുകളെ, തൗഹീദിൽ നിലനിറുത്താനും നബി(സ)തിരുമേനിയുടെ ഉമ്മത്തിൽ ചേർക്കാനും അല്ലാഹു തീരുമാനമെടുത്തുകഴിഞ്ഞിരിക്കുന്നു. അതുകൊണ്ടാണ് തന്റെ മസീഹും മഹ്ദിയുമായ ആളെ അവൻ അയച്ചത്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ഭൂമിയുടെ വിവിധ ഭാഗങ്ങളിൽ വസിക്കുന്ന ആത്മാക്കളെ അവർ യൂറോപ്പിലാകട്ടെ ഏഷ്യയിലാകട്ടെ, സൽപ്രകൃതക്കാരായ എല്ലാവരേയും തൗഹീദിലേക്ക് വലിച്ചുകൊണ്ടുവരാനും തന്റെ അടിയാറുകളെ ഒരേയൊരു മതത്തിൽ ഒരുമിച്ച്കൂട്ടാനും അല്ലാഹു ആഗ്രഹിക്കുന്നു. ഇതാണ് അല്ലാഹുവിന്റെ ഉദ്ദേശ്യം. ഇതിനായിട്ടാണ് ഞാൻ അയക്കപ്പെട്ടിരിക്കുന്നത്. അതുകൊണ്ട് നിങ്ങൾ ഈ ഉദ്ദേശ്യത്തെ പിൻപറ്റുക. എന്നാൽ, മൃദുഭാവത്തോടും സൽസ്വഭാവത്തോടും പ്രാർത്ഥനയിൽ ശക്തിചെലുത്തിക്കൊണ്ടുമായിരിക്കണമത്."

ലോകത്ത് തന്റെ പരിശുദ്ധനബിയുടെ ഭരണം സ്ഥാപിക്കുക എന്നത് അല്ലാഹുവിന്റെ ഇച്ഛയാണ്. എന്നാൽ, ഇന്നത്തെ ലോകത്തിന്റെ അവസ്ഥ കണ്ടാൽ ഇത് വളരെ ദുഷ്കരമായിട്ട് തോന്നാം. എന്നാൽ, പഞ്ചാബിലെ ചെറിയൊരു സ്ഥലമായ ഖാദിയാനിൽ ആ വ്യക്തി ഒറ്റയ്ക്കായിരുന്നു എന്ന കാര്യം നാം ഓർക്കണം. വാഗ്ദത്ത മസീഹായ ആ മഹാത്മാവിന്റെ ജീവിതത്തിൽതന്നെ ലക്ഷക്കണക്കിന് വിശ്വാസികളെ അദ്ദേഹത്തിന് അല്ലാഹു കാണിച്ചുകൊടുത്തു. എന്നല്ല, യൂറോപ്പിലും അമേരിക്കയിലുംവരെ അവിടത്തെ നാമവും വാദവും പ്രസിദ്ധിയാർജ്ജിച്ചു. ആ മഹാത്മാവിനെ വിശ്വസിക്കുന്നവർ ജന്മംകൊണ്ടു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിനുമേൽ ഉദിച്ചുയരുന്ന ഓരോ ദിവസവും അഭിവൃദ്ധിയുടെ പുതിയ വഴികൾ നമുക്ക് കാണിച്ചുതന്നുകൊണ്ടിരിക്കുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്ത് ഇന്ന് 185 രാഷ്ട്രത്തിൽ സ്ഥാപിതമായത് ലോകത്തെ മുഴുവൻ ഒരേയൊരു മതത്തിൽ ഒരുമിച്ച് കൂട്ടേണ്ടതിനുള്ള സത്യവാനായ മസീഹ് മഹ്ദി അവിടന്നാണെന്നതിന് വ്യക്തമായ തെളിവാണ്. ലോകത്തെ എല്ലാ വൻകരകളിലേയും മിക്ക രാജ്യങ്ങളിലും അല്ലാഹുവിന്റെ ഇച്ഛയ്ക്കൊത്തുള്ള പ്രവർത്തനം നാം ബയ്അത്തിന്റെ രൂപത്തിൽ കണ്ടുകൊണ്ടിരിക്കുന്നു.

ഇന്നും ഇസ്‌ലാമിനുവേണ്ടി അതിന്റെ ശത്രുക്കളെ ആരെങ്കിലും പ്രതിരോധിക്കുന്നുണ്ടെങ്കിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പാഠങ്ങളിൽനിന്ന് അനുഗ്രഹം പ്രാപിച്ച അവിടത്തെ വിശ്വാസികൾതന്നെയാണ് അത് ചെയ്തുകൊണ്ടിരിക്കുന്നത്.

ഇന്ന് അറബ്ലോകവും ഇതിന് സാക്ഷിയാണ്. ക്രിസ്ത്യാനികളുടെ കൈകളാൽ കഴിഞ്ഞ കുറേ വർഷമായി അറേബ്യൻ മുസ്‌ലിംകൾ എത്രമാത്രം ഞെങ്ങിഞെരുങ്ങിയാണ് കഴിഞ്ഞുവരുന്നത്. ഈ സന്ദർഭത്തിലും അല്ലാഹു അയച്ച മസീഹിൽനിന്ന് ശിക്ഷണം പറ്റിയവർ തന്നെയാണ് ലോകം മുഴുവനും ക്രിസ്ത്യാനികളെ നേരിട്ടുകൊണ്ടിരിക്കുന്നത്. കാരണം ഇന്ന് അല്ലാഹുവിന്റെ പിന്തുണയും സഹായവും കൊണ്ട് അഖണ്ഡിതമായ തെളിവുകൾ മുഴുവൻ വിതച്ചിട്ടുള്ളത് ഹദ്റത്ത് മസീഹ് മൗഊദ്(അ) മാത്രമാണ്. അതുമുഖേന അല്ലാഹുവിന്റെ തൗഹീദ് സ്ഥാപിക്കാനും ലോകത്തിന്റെ തെറ്റായ വിശ്വാസങ്ങളുടെ വായടപ്പിക്കാനും കഴിയുന്നു. ഇന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) നൽകിയ തെളിവുകൾക്ക് മുമ്പിൽ എത്ര പെട്ടെന്നാണ് നിരർത്ഥകമായ വിശ്വാസാദർശങ്ങളുടെ പൊള്ളത്തരങ്ങൾ പുറത്താക്കപ്പെടുന്നത്. വിവിധ മാർഗ്ഗങ്ങൾ ഇതിനായി നാം ഉപയോഗിക്കുന്നു. ഇതും അല്ലാഹുവിന്റെ വാഗ്ദാനനമനുസരിച്ചിട്ടുള്ളതാണ്. അതായത് ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് അല്ലാഹു പറഞ്ഞു: "ഞാൻ നിന്റെ സന്ദേശത്തെ ലോകത്തിന്റെ അറ്റങ്ങൾവരെ എത്തിക്കുന്നതാണ്." ഇന്ന് എത്ര എളുപ്പത്തിലാണ് മുസ്‌ലിം ടെലിവിഷൻ അഹ്മദിയ്യാ മുഖേന നാം ആ സന്ദേശം ലോകത്തിന്റെ അറ്റങ്ങൾവരെ എത്തിക്കുന്നത്.

നിസ്സാരമായ ചെറിയൊരു ജമാഅത്താണിത്. അവരുടെ കൈയിൽ എണ്ണസമ്പത്തില്ല. മറ്റ് ഭൗതിക മാർഗ്ഗങ്ങളുമില്ല. ആധുനികമായ ഉപകരണങ്ങൾ മുഖേന ലോകത്ത് ഇസ്‌ലാമിക പ്രചാരണം നടത്താൻ കഴിയുമെന്നു അവർക്ക് ചിന്തിക്കാൻപോലും കഴിയുമായിരുന്നില്ല. ഇതും ഞാൻ പറഞ്ഞതുപോലെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യത്തിനുള്ള തെളിവാണ്. അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് ചെയ്ത വാഗ്ദാനം ഇന്ന് നാം പുതിയതിൽ പുതിയതായ രൂപത്തിൽ പുലരുന്നത് കണ്ടുകൊണ്ടിരിക്കുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ)നുണ്ടായ ഇൽഹാം മറ്റൊരു തോജോവിലാസത്തോടെ പുലരുന്നത് ഇന്ന് നാം കാണുന്നു. അല്ലാഹു, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിന് ഇന്ന് പുതിയൊരു സാറ്റ്ലൈറ്റ് മുഖേന- ഇത് അറബ് ലോകത്തിനു വേണ്ടി മാത്രമുള്ളതാണ്- ഒരു പുതിയ ചാനൽ 'അൽഅറബിയാ'യുടെ സംപ്രേഷണം തുടങ്ങാൻ തൗഫീഖ് നല്കിയിരിക്കുന്നു. ഇത് 24 മണിക്കൂറും അറബിഭാഷയിൽ പരിപാടികൾ സംപ്രേഷണം ചെയ്യുന്നതാണ്; അറബ് ലോകത്തെ സൽപ്രകൃതക്കാരായ ആളുകൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) വിതരണം ചെയ്ത ആ അറിവിന്റെ ഭണ്ഡാരങ്ങളിൽനിന്ന് ഫലമെടുക്കുന്നതിനു വേണ്ടിയാണിത്. ഈ ചാനൽ കാരണം എതിർപ്പും തുടങ്ങിയിട്ടുണ്ട്. നാം ഉടമ്പടി ചെയ്തിരിക്കുന്ന സാറ്റ്ലൈറ്റ് കമ്പനിക്ക് എതിരാളികളിൽനിന്ന് ഭീഷണിയുണ്ട്. പക്ഷേ, ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ ഈ സന്ദേശം ഇപ്പോൾ അവർക്ക് എത്തണമെന്ന് അല്ലാഹു ആഗ്രഹിക്കുന്നു. അതുകൊണ്ട് അല്ലാഹുവിന്റെ ഇച്ഛയ്ക്കനുസരിച്ച് ഈ സന്ദേശം അവിടെ എത്തും. അതിനെ തടയാൻ ആർക്കും സാധ്യമല്ല. ഇൻശാഅല്ലാഹ്. നിങ്ങൾ ദുആ ചെയ്യുക. അല്ലാഹു ഈ സന്ദേശം എത്തിക്കുന്നതിന് നമ്മെ സഹായിക്കുന്ന ഇവരേയും എല്ലാ ഉപദ്രവങ്ങളിൽനിന്നും കാത്തുരക്ഷിക്കുമാറാകട്ടെ. തങ്ങളുടെ ഉടമ്പടിയിൽ ഉറച്ചുനില്ക്കാനും അല്ലാഹു അവർക്ക് ഭാഗ്യം നല്കുമാറാകട്ടെ. ഭാഗ്യശാലികളായ ആത്മാക്കൾക്ക് ഈ

ആത്മീയ ഭക്ഷണത്തളികയെ പ്രയോജനപ്പെടുത്താനും തൗഫീഖ് നല്കുമാറാകട്ടെ. മുസ്‌ലിംകളിലെ ഭൂരിഭാഗം ആളുകളും ഈ സന്ദേശത്തെ സ്വീകരിക്കുമെന്നതിൽ നമുക്ക് ഒരു സംശയവുമില്ല. ഇതും മസീഹ് മൗഊദ്(അ)നോട് അല്ലാഹു ചെയ്തിട്ടുള്ള വാഗ്ദാനമാണ്. ഒരു ഇൽഹാമിനെക്കുറിച്ചു സ്മരിച്ചു കൊണ്ട് അവിടന്ന് പറയുന്നു .

اِنِّیْ مَعَكَ یَا ابْنَ رَسُوْلِ اللّٰهِ سب مسلمانوں
کو جو روئے زمین پر ہیں جمع کرو عَلٰی
دِیْنٍ وَّاحِدٍ

റസൂലുല്ലായുടെ മകനേ, ഞാൻ നിന്നോടൊപ്പമുണ്ട്. ഭൂലോകത്തുള്ള എല്ലാ മുസ്‌ലിംകളേയും ഒരേയൊരു മതത്തിൽ സംഘടിപ്പിക്കുക.

ഇതുസംബന്ധിച്ച് അവിടന്ന് പറയുന്നു. "ഭൂലോകത്തുള്ള എല്ലാ മുസ്‌ലിംകളേയും സംഘടിപ്പിക്കുക എന്ന ആജ്ഞ, 'അലാ ദീനിൻ വാഹിദ്' ഒരു പ്രത്യേക തരത്തിലുള്ള ആജ്ഞയാണ്. അവിടന്ന് പറഞ്ഞു. കല്പനകളും ആജ്ഞകളും രണ്ടുതരത്തിലുണ്ട്. ഒന്ന് നിയമങ്ങളുടെ രൂപത്തിലുള്ളതാണ്. അതായത്, നമസ്കരിക്കുക, സക്കാത്ത് കൊടുക്കുക, ആരേയും കൊല്ലാതിരിക്കുക തുടങ്ങിയവ. ഇത്തരം കല്പനകളിൽ ഒരു പ്രവചനവും അന്തർഭവിച്ചിരിക്കും. അതായത് ഇതിന്നെതിരിൽ പ്രവർത്തിക്കുന്ന ചിലരും ഉണ്ടാകും. ചുരുക്കത്തിൽ ഇക്കാര്യം നിയമപരമാണ്. രണ്ടാമത്തെ കാര്യം 'കൂനി' അഥവാ ആജ്ഞയാകുന്നു. **ഖുൽനാ യാനാറു കൂനീബർദൻ വ സലാമാ** അപ്പോൾ അത് പൂർണ്ണമായും നിലയിൽ നടപ്പിൽ വന്നു. തണുക്കാൻ തീയോട് ആജ്ഞാപിച്ചപ്പോൾ അത് തണുത്തു.

"ഭൂമുഖത്തുള്ള എല്ലാ മുസ്‌ലിംകളേയും ഒരു ഒരു ദീനിൽ സംഘടിപ്പിക്കാൻ അല്ലാഹു ആഗ്രഹിക്കുന്നു എന്ന എന്റെ ഇൽഹാമിലുള്ള ഈ ആജ്ഞയും അത് സംഭവിക്കുകതന്നെ ചെയ്യുമെന്ന തരത്തിലുള്ളതാണെന്ന് മനസ്സിലാകുന്നു. ഇതുകൊണ്ടുള്ള ഉദ്ദേശ്യം ഇതിലൊരു തരത്തിലുള്ള വ്യത്യാസവും ഉണ്ടാകുകയില്ലെന്നല്ല. വ്യത്യാസമുണ്ടാകും എന്നാൽ, അത് എടുത്ത് പറയാൻ തക്കതായിരിക്കുകയില്ല."

ഈ വിളിക്ക് ലബ്ബൈക്ക് പറഞ്ഞുകൊണ്ട് ഒരേയൊരു മതത്തിൽ സംഘടിക്കാൻ അല്ലാഹു മുസ്‌ലിംകൾക്ക് തൗഫീഖ് നല്കുമാറാകട്ടെ. നമുക്ക് നമ്മുടെ ജീവിതത്തിൽത്തന്നെ ഈ കാഴ്ചകൾ കാണാൻ ഭാഗ്യം ഉണ്ടാകുമാറാകട്ടെ.

ഇന്ന് എം.ടി.എ 3 അൽ അറബിയായുടെ ഉദ്ഘാടനവും നടക്കുകയാണ്. അതുകൊണ്ട് ഈ സന്ദർഭത്തിൽ ഹദറത്ത് മസീഹ് മൗഊദ്(അ)ന്റെ വാക്കുകളിൽ, അവിടന്ന് അറബികളെ സംബോധന ചെയ്തുകൊണ്ട് നല്കിയ സന്ദേശത്തിന്റെ കുറച്ചു ഭാഗം ഞാൻ കേൾപ്പിക്കുകയാണ്. അല്ലാഹു എത്രയും പെട്ടെന്ന് അറബ് ലോകത്തിന്റേയും ഹൃദയം തുറക്കുമാറാകട്ടെ. കാലത്തിന്റെ ഇമാമിനെ തിരിച്ചറിയാൻ അവർക്ക് സൗഭാഗ്യം നല്കുമാറാകട്ടെ. തന്റെ സന്ദേശത്തിൽ അവിടന്ന് അറബ്‌ലോകത്തോട് പറയുന്നു:

"അസ്സലാമു അലയ്ക്കും. അറേബ്യയിലെ ദൈവഭക്തരും പരിശുദ്ധന്മാരുമായിട്ടുള്ള ജനങ്ങളേ! അസ്സലാമു അലയ്ക്കും. നുബ്ബുവത്തിന്റെ രാജ്യത്ത് വസിക്കുന്നവരും അല്ലാഹുവിന്റെ മഹത്തായ വീടിന്റെ അയൽവക്കത്ത് താമസിക്കുന്നവരുമായിട്ടുള്ളവരേ, നിങ്ങൾ ഇസ്‌ലാമിലെ ജനവിഭാഗങ്ങളിൽ ഉത്തമരായ ജനവിഭാഗമാണ് . അത്യുന്നതനായ അല്ലാഹുവിന്റെ എല്ലാവരേക്കാളും തിരഞ്ഞെടുക്കപ്പെട്ട സംഘമാണ് നിങ്ങൾ. നിങ്ങൾക്കുള്ള മാഹാത്മ്യത്തോളമെത്താൻ ഒരു ജനതയ്ക്കും സാധിക്കുകയില്ല. നിങ്ങൾ മാന്യതയിലും ശ്രേഷ്ഠതയിലും സ്ഥാനത്തിലും പദവിയിലും എല്ലാവരേയും കവച്ചുവച്ചിരിക്കുന്നു. അല്ലാഹു തന്റെ വഹ്‌യുടെ ആരംഭം ഹദ്റത്ത് ആദമിൽനിന്ന് തുടങ്ങി നിങ്ങളിൽനിന്നുള്ള ഒരു നബിയിൽ പരിപൂർത്തിയാക്കി എന്നത് മാത്രം മതി നിങ്ങളുടെ അന്തസ്സിന്. നിങ്ങളുടേതു തന്നെയായിരുന്നു അദ്ദേഹത്തിന്റെ നാടും ജന്മസ്ഥലവും വാസസ്ഥലവും. ആ നബിയുടെ തേജോവിലാസം എന്താണെന്ന് നിങ്ങൾക്ക് എന്തറിയാം? അദ്ദേഹം മുഹമ്മദ് മുസ്തഫായാണ്. പുണ്യാത്മാക്കളുടെ നേതാവാണ്. നബിമാരുടെ അഭിമാനമാണ്. റസൂൽമാരിൽ ശ്രേഷ്ഠനാണ്. ലോകത്തിന്റെ ഇമാമാണ്. അവിടത്തെ(സ) ഔദാര്യം എല്ലാ മനുഷ്യരിലും തെളിയിക്കപ്പെട്ടതാണ്. കഴിഞ്ഞകാലത്തെ എല്ലാ ദൃഷ്ടാന്തങ്ങളും ഈശ്വരജ്ഞാനങ്ങളും എല്ലാവർക്കും മനസ്സിലാക്കാൻ പറ്റാത്ത ഉന്നതമായ തത്ത്വങ്ങളും അവിടത്തെ വഹ്‌യിൽ അന്തർഭവിച്ചിരിക്കുന്നു. നിർജ്ജീവമായിപ്പോയ ദൈവജ്ഞാനങ്ങളേയും സന്മാർഗ്ഗത്തിന്റെ വഴികളേയും അവിടത്തെ മതം സജീവമാക്കി.

അല്ലാഹുവേ, ഭൂമിയിലുള്ള വെള്ളത്തിന് എത്ര തുള്ളികളുണ്ടോ അത്രയും, എത്ര മണൽത്തരികളുണ്ടോ അത്രയും ജീവനുള്ളവരും മരിച്ചുപോയവരും എത്രയുണ്ടോ അത്രയും എന്തൊക്കെ ആകാശത്തുണ്ടോ എന്തൊക്കെ ബാഹ്യവും മറഞ്ഞതുമായി

ട്ടുണ്ടോ അതിനെല്ലാം സമാനമായത്ര കാരുണ്യവും സമാധാനവും അനുഗ്രഹവും നബി(സ)യുടെമേൽ ചൊരിഞ്ഞാലും. ആകാശാതിർത്തികൾവരെ നിറഞ്ഞുനില്ക്കുന്ന സലാം ഞങ്ങളിൽനിന്ന് ആ നബിക്ക് എത്തിച്ചാലും.

“മുഹമ്മദ്(സ)നോടുള്ള അനുസരണത്തിന്റെ നുകം തങ്ങളുടെ പിടലിയിൽ ഏറ്റിയ ജനത ഭാഗ്യവാന്മാരാണ്. ആ മഹാത്മാവ്വരെ ചെന്നെത്തുകയും ആ പുണ്യാത്മാവിൽ തന്നെ ലയിപ്പിക്കുകയും അവിടത്തോടുള്ള സ്നേഹത്തിൽ തന്നെ അലിയിപ്പിക്കുകയും ചെയ്തിട്ടുള്ള ഹൃദയവും അനുഗ്രഹീതമാണ്.

“ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)യുടെ അനുഗൃഹീത കാലടികൾ പതിഞ്ഞ ഭൂമിയിൽ വസിക്കുന്നവരേ, അല്ലാഹു നിങ്ങളിൽ കരുണ ചെയ്യുകയും നിങ്ങളെ ഇഷ്ടപ്പെടുകയും നിങ്ങളിൽ തൃപ്തനായിരിക്കുകയും ചെയ്യട്ടെ.

“അല്ലാഹുവിന്റെ ദാസരേ! എനിക്ക് നിങ്ങളെക്കുറിച്ച് സൽഭാവനയാണുള്ളത്. എന്റെ ആത്മാവ് നിങ്ങളെ കാണാൻ ദാഹിക്കുന്നു. നിങ്ങളുടെ നാടിനേയും അനുഗൃഹീതരായ നിങ്ങളേയും കാണാൻ ഞാൻ വെമ്പൽകൊള്ളുന്നു. ലോകോത്തമനായ നബി(സ)യുടെ കാല്പാദങ്ങൾ പതിഞ്ഞ ആ ഭൂമി സന്ദർശിക്കാനും ആ മണ്ണിനെ എന്റെ കണ്ണിന് സുറുമയാക്കാനും ഞാൻ ആഗ്രഹിക്കുന്നു. ഞാൻ മക്കയേയും അവിടുത്തെ സാലിഹീങ്ങളേയും അവിടെയുള്ള പരിശുദ്ധസ്ഥലങ്ങളേയും അവിടുത്തെ ഉലമാക്കളേയും കാണാൻ ആഗ്രഹിക്കുന്നു. എന്റെ കണ്ണുകൾ അവിടുത്തെ ഔലിയാക്കളേയും അവിടുത്തെ മഹത്തായ കാഴ്ചകളേയും കണ്ട് തണുക്കുന്നതിനുവേണ്ടിയാണിത്.

“ഞാൻ അല്ലാഹുവിനോട് ദുആ ചെയ്യുന്നു. തന്റെ അപാരമായ അനുഗ്രഹംകൊണ്ട് നിങ്ങളുടെ നാട് സന്ദർശിക്കാൻ അല്ലാഹു എനിക്ക് സൗഭാഗ്യം തന്നരുളുമാറാകട്ടെ. നിങ്ങളെ കണ്ട് സന്തോഷിക്കാൻ എനിക്കവസരം നല്കുമാറാകട്ടെ.

“എന്റെ സഹോദരങ്ങളേ, എനിക്ക് നിങ്ങളോടും നിങ്ങളുടെ നാടിനോടും അങ്ങേയറ്റം സ്നേഹമുണ്ട്. നിങ്ങളുടെ വഴിയിലെ പൊടിമണ്ണിനേയും നിങ്ങളുടെ ഇടവഴിയിലെ കല്ലുകളേയും ഞാൻ സ്നേഹിക്കുന്നു. ലോകത്തെ എല്ലാ വസ്തുക്കളേക്കാളും ഞാൻ നിങ്ങളെ മുന്തിക്കുന്നു.

“അറേബ്യയുടെ പ്രിയമക്കളേ! അല്ലാഹു നിങ്ങളെ പ്രത്യേകമായ നിലയിൽ അതിരറ്റ അനുഗ്രഹങ്ങളുടേയും അസംഖ്യം സവിശേഷതകളുടേയും അനന്തരാവകാശികളാക്കിയിരിക്കുന്നു. ഏതൊരു കാരണത്താൽ നഗരങ്ങളുടെ മാതാവിന് (മക്കാപട്ടണം) അനുഗ്രഹം നല്കപ്പെട്ടുവോ ആ ദൈവഭവനമുള്ളത് നിങ്ങളുടെ നാട്ടിലാണ്. തൗഹീദിനെ ലോകത്തിന്റെ എല്ലാ രാജ്യങ്ങളിലും പ്രചരിപ്പിക്കുകയും അല്ലാഹുവിന്റെ പ്രതാപം വെളിപ്പെടുത്തുകയും ചെയ്ത ആ അനുഗ്രഹീത നബിയുടെ ‘റൗള’ നിലകൊള്ളുന്നത് നിങ്ങളുടെ ഇടയിലാണ്. തികഞ്ഞ ബോധത്തോടും അറിവോടുംകൂടി തങ്ങളുടെ ഹൃദയംകൊണ്ടും ആത്മാവുകൊണ്ടും അല്ലാഹുവിനേയും അവന്റെ റസൂലിനേയും സഹായിച്ചവരുണ്ടായത് നിങ്ങളിൽനിന്നായിരുന്നു. അല്ലാഹുവിന്റെ ദീനിന്റേയും അവന്റെ പരിശുദ്ധഗ്രന്ഥത്തിന്റേയും പ്രചാരണത്തിനായി തങ്ങളുടെ ധനവും ജീവനും അവർ ബലിയർപ്പിച്ചു. നിസ്സംശയം, ഈ സദ്ഗുണങ്ങൾ നിങ്ങളുടെ മാത്രം പ്രത്യേകതയാണ്. നിങ്ങളെ ഉചിതമായ നിലയിൽ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യാത്തവർ തീർച്ചയായും അന്യായവും അക്രമവും ചെയ്യുന്നവരാണ്.

“എന്റെ സഹോദരങ്ങളേ, മുറിവേറ്റ ഹൃദയത്തോടും ഒഴുകുന്ന കണ്ണീരോടുംകൂടിയാണ് ഈ കത്ത് നിങ്ങൾക്കായി ഞാൻ എഴുതുന്നത്. അതുകൊണ്ട് ഞാൻ പറയുന്നത് കേൾക്കുക. അല്ലാഹു നിങ്ങൾക്ക് ഇതിന് മഹത്തായ പ്രതിഫലം നല്കുമാറാകട്ടെ.”

വീണ്ടും പറയുന്നു: “അല്ലയോ അറേബ്യയിലെ മാന്യന്മാരും ഉന്നതകുലജാതരുമായിട്ടുള്ളവരേ, ഞാൻ പൂർണ്ണമനസ്സോടും ആത്മാവോടുകൂടി നിങ്ങളോടൊപ്പമാണ്. എനിക്ക് എന്റെ റബ്ബ് അറബികളെക്കുറിച്ച് സുവാർത്ത നല്കിയിരിക്കുന്നു. ഞാൻ അവരെ സഹായിക്കുകയും അവർക്ക് അവരുടെ നേരായ വഴി കാണിച്ചുകൊടുക്കുകയും അവരുടെ കാര്യങ്ങളെ നന്നാക്കിത്തീർക്കുകയും ചെയ്യണമെന്ന് ഇൽഹാമിലൂടെ അവൻ എന്നോട് പറഞ്ഞു. ഈ ജോലി നിർവ്വഹിക്കുന്നതിൽ ഇൻശാഅല്ലാഹ്. നിങ്ങളെന്നെ വിജയിയായും ഭാഗ്യവാനായും കാണും.

“അല്ലയോ സ്നേഹിതരേ, അത്യുന്നതനും അനുഗ്രഹമുടയവനുമായ അല്ലാഹു ഇസ്ലാമിനെ രക്ഷിക്കുന്നതിനും അതിനെ പരിഷ്കരിക്കുന്നതിനും വേണ്ടി എന്നിൽ തന്റെ പ്രത്യേക വെളിച്ചം ഇറക്കിയിരിക്കുന്നു. തന്റെ അനുഗ്രഹത്തിന്റെ മഴ എന്നിൽ വർഷിച്ചിരിക്കുന്നു. എന്നിൽ പലതരത്തിലുള്ള അനുഗ്രഹങ്ങൾ ചെയ്തിരിക്കുന്നു. ഇസ്ലാമിന്റേയും നബി കരീം(സ)യുടേയും ഉമ്മത്തിന്റെ അധഃപതനത്തിന്റെ

നേരത്ത് തന്റെ പ്രത്യേക അനുഗ്രങ്ങളുടേയും വിജയങ്ങളുടേയും സഹായങ്ങളുടേയും സുവാർത്ത എനിക്ക് നല്കി.

"അറേബ്യൻ ജനസമൂഹമേ! ഈ അനുഗ്രഹങ്ങളിൽ നിങ്ങളേയും പങ്കുചേർക്കണമെന്ന് ഞാൻ ആഗ്രഹിച്ചു. ഞാൻ ഈ ദിനം ആകാംക്ഷയോടെ പ്രതീക്ഷിച്ചിരിക്കുകയായിരുന്നു. സർവ്വലോകപരിപാലകനായ അല്ലാഹുവിനുവേണ്ടി എന്നെ സഹായിക്കാൻ നിങ്ങൾ തയ്യാറുണ്ടോ?"

അറേബ്യൻ മണ്ണിൽ വസിക്കുന്നവരേ! ഇന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രതിനിധി എന്ന നിലയിൽ ഞാൻ സർവ്വലോകപരിപാലകനായ അല്ലാഹുവിന്റെ പേരിൽ നിങ്ങളോടഭ്യർത്ഥിക്കുകയാണ്, ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)യുടെ ഈ ആത്മീയസുതന്റെ വിളിക്ക് നിങ്ങൾ ലബ്ബൈക്ക് പറയുക. അദ്ദേഹത്തിന്റെ പാഠങ്ങളേയും നബിയോടുള്ള സ്നേഹത്തേയും കുറിച്ച് ചില ഉദാഹരണങ്ങളാണ് ഞാൻ പറഞ്ഞുവന്നത്. ആ മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങളിൽ നിങ്ങൾ മുങ്ങിത്തപ്പിനോക്കുക. എന്നാൽ, ഏകനും പങ്കുകാരനില്ലാത്തവനുമായ അല്ലാഹുവുമായിട്ടുള്ള അദ്ദേഹത്തിന്റെ ബന്ധവും സ്നേഹവും ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)യുടെ കാര്യത്തിലുള്ള അഭിമാനവും ആ മഹാത്മാവിനോടുള്ള സ്നേഹവുമല്ലാതെ മറ്റൊന്നും നിങ്ങൾക്കതിൽ കാണാൻ കഴിയില്ല. അഹ്മദിയ്യത്തിന്റെ നൂറുവർഷത്തിലേറെ ചരിത്രം സാക്ഷിയാണ്. ജമാഅത്തിന്റെ ഓരോ നിമിഷവും അല്ലാഹുവിന്റെ സഹായം കണ്ടുകൊണ്ടിരിക്കുന്നു. ഇന്ന് ഈ സാറ്റ്ലൈറ്റ് മുഖേന നിങ്ങൾക്കുവേണ്ടി വിശാലമായ നിലയിൽ ഈ സന്ദേശം എത്തുന്നതും ആ പിന്തുണയുടേയും സഹായത്തിന്റേയും ഒരു കണ്ണിയാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിക്കുന്ന ചെറിയ ഒരു ദരിദ്രജമാഅത്ത്, ഓരോ പൈസയും കൂട്ടിവെച്ച് അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടിമാത്രം ഇക്കാലത്തെ ഇമാമിന്റെ ശബ്ദം ഈ സാറ്റ്ലൈറ്റ് മുഖേന നിങ്ങൾക്ക് എത്തിക്കാനും അങ്ങനെ സൗഭാഗ്യം കരസ്ഥമാക്കുവാനുമുള്ള ഏർപ്പാട് അല്ലാഹു ചെയ്തിരിക്കുന്നു.

അതുകൊണ്ട് ദുർഭാവനയിൽനിന്ന് രക്ഷപ്പെട്ട്- അല്ലാഹു അതിഷ്ടപ്പെടുന്നില്ല- നല്ല വിചാരത്തോടെ പ്രവർത്തിച്ചുകൊണ്ട് അല്ലാഹുവിന്റെ ഈ ജരിയുല്ലായെ- ഫയൽവാനെ സഹായിക്കാൻ അവന്റെ തൃപ്തി കരസ്ഥമാക്കാൻ നിങ്ങൾ എഴുന്നേറ്റു നില്ക്കുക. എതിർപ്പിൽ അര മുറുക്കുന്നതിനു പകരം ഈ മസീഹ് മഹദിയുടെ ശബ്ദത്തിന് ചെവികൊടുക്കുക. ഇസ്ലാമിന്റെ രണ്ടാം വിജയത്തിനായി അല്ലാഹു തന്റെ നബിയോടു ചെയ്ത വാഗ്ദാനമനുസരിച്ച് അയച്ച മഹാത്മാവാണ് ഇദ്ദേഹം. അതുകൊണ്ട് വരിക ഈ മസീഹ് മഹ്ദിയുടെ നിഷേധികളിൽ പങ്കുചേരുന്നതിന് പകരം അദ്ദേഹത്തോട് കൈകോർക്കുക. ഇത് ഉമ്മത്തെ മുസ്ലിമായുടെ മോക്ഷം മാത്രമല്ല. മറിച്ച്, മുഴുലോകത്തിന്റേയും മോക്ഷമാണ്. ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) യുടെ ഈ സത്യസന്ധനായ ദാസന്റെ കൈയിൽ പിടിക്കുന്നതുകൊണ്ടു മാത്രമേ അത് ലഭിക്കുകയുള്ളൂ. അറേബ്യൻ മണ്ണിൽ വസിക്കുന്നവരേ! ദൈവഭയത്തോടെ അല്ലാഹുവിനുവേണ്ടി ആ മസീഹ് മഹദിയുടെ വേദന നിറഞ്ഞ വിളിക്ക് ചെവി കൊടുക്കുക, അതനുഭവിച്ചറിയുക.

വരിക, അദ്ദേഹത്തെ സഹായിക്കുന്നവരായിത്തീരുക. ഓർമ്മിക്കുക അല്ലാഹു അദ്ദേഹത്തോട് വിജയവാഗ്ദാനം ചെയ്തിരിക്കുന്നു. നിങ്ങൾ ഇതിലേക്ക് വന്നില്ലെങ്കിൽ നിങ്ങളുടെ തലമുറ തീർച്ചയായും ഈ അനുഗ്രഹത്തിന്റെ ഉറവിലേക്ക് വരുന്നതാണ്. അന്നവർ ദുഃഖിച്ചുകൊണ്ടു പറയും: അഹോ കഷ്ടം! ഞങ്ങളുടെ പൂർവ്വികന്മാർ റസൂൽ(സ) പ്രവചിച്ച ആ മസീഹ് മഹ്ദിയെ സഹായിക്കുന്നവരായിത്തീരുകയും അദ്ദേഹത്തിന്റെ ജമാഅത്തിൽ ചേരുകയും ചെയ്തിരുന്നുവെങ്കിൽ എത്ര നന്നായേനേ.

ഈ യാഥാർത്ഥ്യം മനസ്സിലാക്കാൻ അല്ലാഹു നിങ്ങളെ അനുഗ്രഹിക്കട്ടെ. അല്ലാഹു നമ്മുടെ ഈ പ്രാർത്ഥന സ്വീകരിക്കുമാറാകട്ടെ.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 23.3.2007 at Baithulfutuh, London

*Translated by: Muhammad Ismail, Alleppey*
Mob: 94466 56123 Resi.: 0497 3294865
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala